LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാനടപടികൾ

## ഏഴാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

1986 ജൂലായ് 7, തിങ്കൾ

വാല്യം LXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 1986 ജൂലായ് 7-ാം തീയതി തിങ്കളാഴ്ച രാവിലെ 9.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

### ചരമോപചാരം

മി. സ്പീക്കർ: കഴിഞ്ഞ അരനൂറ്റാണ്ടിലേറെക്കാലം ഇന്ത്യൻ ദേശീയ രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന അതികായനും, പാർലമെന്റിലെ ഏറ്റവും സീനിയർ അംഗവും, മുൻ ഉപപ്രധാനമന്ത്രിയും, സർവാദരണീയനുമായ ശ്രീ. ബാബു ജഗജ്ജീവൻ റാം നിര്യാതനായ ദുഃഖവാർത്ത ബഹുമാനപ്പെട്ട അംഗങ്ങൾ ഇതിനകം അറിഞ്ഞിരിക്കുമല്ലോ.

ഭാരതത്തിലെ രാഷ്ട്രീയമണ്ഡലത്തിൽ വെളിച്ചവും ചൂടും പകർന്ന് പ്രോജ്ജ്വലിച്ചു നിന്ന ഒരു അസുലഭ പ്രതിഭയായിരുന്നു ബാബു ജഗജ്ജീവൻ റാം. 1933-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഒരു സജീവ പ്രവർത്തകനായിട്ടാണ് അദ്ദേഹം തന്റെ രാഷ്ട്രീയജീവിതം ആരംഭിച്ചത്. ത്യാഗോജ്ജ്വലവും യാതനാനിർഭരവുമായ സഹനസമരത്തിലൂടെ, സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചൂളയിൽ സ്പുടം ചെയ്തെടുക്കപ്പെട്ട ഒരു വ്യക്തിപ്രഭാവത്തിന് ഉടമയായിരുന്നു അദ്ദേഹം.

ഇന്ത്യയിലെ ഹരിജനങ്ങളുടേയും ഗിരിജനങ്ങളുടേയും അധഃസ്ഥിതരുടേയും ഉന്നമ്മുടിപ്പുകൾ ഉൾക്കൊള്ളാൻ കഴിഞ്ഞ അദ്ദേഹം തന്റെ ജീവിതം അവരുടെ അവകാശ സംരക്ഷണത്തിനായി ഉഴിഞ്ഞുവച്ചു. അവരുടെ ജീവിതത്തിൽ സാമൂഹ്യനീതിയുടേയും മനുഷ്യത്വത്തിന്റെയും വെളിച്ചം പകരുന്നതിൽ ബാബുജി വഹിച്ച പങ്ക് നിസ്തുലമാണ്. ഡോ: അംബേദ്കറിനുശേഷം ഇന്ത്യയിലെ അധഃസ്ഥിത ജനവിഭാഗത്തിന്റെ ആശാകേന്ദ്രമായിരുന്നു ബാബുജി. അധഃസ്ഥിതരിൽ അവകാശബോധവും ആത്മവിശ്വാസവും ഉണർത്തി അവരെ മറ്റുള്ളവർക്കൊപ്പം ഉയർത്തിക്കൊണ്ടുവരുന്നതിന് അദ്ദേഹം സ്വയം സമർപ്പിച്ചു. 1936-ൽ ഹാമണ്ട് കമ്മീഷനു മുൻപിൽ ഹരിജനങ്ങളുടെ പ്രതിനിധിയായി ഹാജരായതും 1946-ലെ കാബിനറ്റ് മിഷന്റെ മുൻപിൽ ഹരിജനങ്ങളുടെ അംഗീകൃത നേതാവായി ഹാജരായതും

ബാബുജിയാണെന്നത് അദ്ദേഹത്തിനുള്ള സർവ്വാദരണീയ സ്ഥാനത്തിന്റെ തെളിവാണ്. അഖില ഭാരതീയ അധഃകൃതവർഗ്ഗ ലീഗിന്റെ സ്ഥാപകനേതാവായിരുന്നു അദ്ദേഹം.

1937-39-ൽ അദ്ദേഹം ബീഹാർ ഗവൺമെന്റിന്റെ പാർലമെന്ററി സെക്രട്ടറിയായിരുന്നു. 1942-ലെ ക്വിറ്റ് ഇന്ത്യാ സമരക്കാലത്ത് അദ്ദേഹം തടവിലാക്കപ്പെടുകയും ചെയ്തു.

1946 മുതൽ 1979 വരെയുള്ള കാലത്തിനിടയ്ക്ക് കേന്ദ്ര മന്ത്രിയെന്ന നിലയിൽ വിവിധ വകുപ്പുകളുടെ ചുമതല ഏറ്റെടുത്തുകൊണ്ട് ഒരു ഭരണനിപുണൻ എന്ന അംഗീകാരം ആർജ്ജിക്കത്തക്ക വിധത്തിൽ പ്രവർത്തിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. തൊഴിൽ, വാർത്താവിനിമയം, ഗതാഗതം, റെയിൽവേ, എംപ്ലോയ്മെന്റും പുനരധിവാസവും, ഭക്ഷ്യം, കൃഷി, സാമൂഹ്യവികസനം, സഹകരണം, ജലസേചനം, രാജ്യരക്ഷ തുടങ്ങി നിരവധി വകുപ്പുകളുടെ മന്ത്രിയെന്ന നിലയിൽ വിലപ്പെട്ട സേവനമാണ് അദ്ദേഹം ചെയ്തിട്ടുള്ളത്. തൊട്ടതെല്ലാം പൊന്നാക്കാനുള്ള അനിതരസാധാരണമായ വൈഭവത്തിന് ഉടമയാണ് താനെന്ന് മന്ത്രിയെന്ന നിലയിലുള്ള പ്രവർത്തനങ്ങളിലൂടെ തെളിയിക്കാനും എല്ലാവരുടേയും സ്നേഹവിശ്വാസങ്ങളും നേടിയെടുക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. ഇന്ത്യയുടെ രാജ്യരക്ഷാവകുപ്പുമന്ത്രിയെന്ന നിലയിൽ 1971-ലെ പാക്കിസ്ഥാൻ ആക്രമണത്തെ വിജയകരമായി നേരിട്ട് പരാജയപ്പെടുത്തുവാനും ബംഗ്ലാദേശിന്റെ വിമോചനത്തിന് വഴിയൊരുക്കുന്നതിന് പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെ സുധീരമായ നിലപാടിന് ശക്തി പകരാനും ബാബുജി വഹിച്ച പങ്ക് മഹത്തരമാണ്. അതുപോലെതന്നെ ശ്രീമതി ഇന്ദിരാഗാന്ധിയുടെ ദീർഘവീക്ഷണത്തിൽ ഉദയംചെയ്ത ഹരിതവിപ്ലവം എന്ന ആശയത്തെ പ്രാവർത്തികമാക്കി പുരോഗതിയുടെ ഒരു അദ്ധ്യായം ഇന്ത്യയുടെ ചരിത്രത്തിൽ എഴുതിച്ചേർക്കാൻ കൃഷിവകുപ്പുമന്ത്രിയെന്ന നിലയിൽ അദ്ദേഹം വഹിച്ച പങ്കും നിസ്തുലമാണ്. രാഷ്ട്രശിൽപ്പിയായ ജവഹർലാൽ നെഹ്റുവിനോടൊപ്പംനിന്ന് സ്വാതന്ത്ര്യാനന്തരഭാരതം കെട്ടിപ്പടുക്കുന്നതിൽ ബാബുജി വഹിച്ച പങ്ക് വിലമതിക്കാനാവില്ല. ദീർഘകാലം അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി അംഗമായും, വർക്കിംഗ് കമ്മിറ്റി അംഗമായും പാർലമെന്ററി ബോർഡിലെ അംഗമായും ഇരുന്ന ശ്രീ. ബാബുജി പിന്നീട് കോൺഗ്രസ് പ്രസിഡന്റ് പദത്തിലേക്ക് ഉയർന്നു. ഇന്ത്യൻപ്രതിനിധി സംഘങ്ങളുടെ തലവനെന്ന നിലയിൽ വിദേശങ്ങളിൽ നടന്നിട്ടുള്ള നിരവധി സമ്മേളനങ്ങളിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. കൂടാതെ അനവധി കമ്മിറ്റികളിലും കമ്മീഷനുകളിലും അംഗമായിട്ടും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

സാമൂഹ്യ പരിഷ്കരണ യത്നങ്ങളിൽ സർവ്വാത്മനാ വ്യാപരിച്ചിരുന്ന അദ്ദേഹം ദുർബലവിഭാഗങ്ങളുടെ ഉന്നമനത്തിനും ഉൽക്കർഷത്തിനും വേണ്ടി പരിശ്രമിച്ചു. മഹാത്മജിയുടെ സന്ദേശങ്ങളിൽനിന്ന് ആവേശം ഉൾക്കൊണ്ട് അയിത്തോച്ചാടനപ്രവർത്തനങ്ങളിലും മഹത്തായ സേവനമാണ് ബാബുജി കാഴ്ചവച്ചിട്ടുള്ളത്.

യഥാർത്ഥ പാർലമെന്ററി പ്രവർത്തനത്തിന്റെ സത്ത ഉൾക്കൊള്ളാൻ കഴിഞ്ഞ ബാബുജി ഇന്ത്യൻ പാർലമെന്ററി ചരിത്രത്തിലെ ഒരു അസുലഭ പ്രതിഭയായിരുന്നു. അദ്ദേഹത്തിന്റെ പാർലമെന്ററി പ്രവർത്തന ശൈലി നേരിട്ട് അറിയാനുള്ള സുവർണ്ണാവസരം 1977 കാലത്ത് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ലേക്കുകയുണ്ടായി എന്നതും ഇവിടെ സ്മരിക്കട്ടെ. പാർലമെന്റിലെ വളരെ സീനിയർ അംഗമായിരുന്ന അദ്ദേഹം ജൂനിയർ അംഗങ്ങളോട് കാണിച്ചിരുന്ന സ്നേഹവാൽസല്യത്തിന്റെ മാധുര്യം അനുഭവിക്കാൻ ലഭിച്ച അവസരം ഞാൻ നന്ദിപൂർവ്വം ഓർക്കുന്നു. പാർലമെന്ററി പ്രവർത്തനങ്ങളുമായി ബന്ധപ്പെടുന്ന പുതിയ തലമുറയ്ക്ക് തികച്ചും അനുകരണീയവും ആദരണീയവുമായ ഒരു പാർലമെന്ററി പ്രവർത്തന ശൈലിയായിരുന്നു ബാബുജിയുടേത്.

അങ്ങേയറ്റത്തെ ഔചിത്യബോധവും അദ്ദേഹം പുലർത്തിയിരുന്നു. ടീം സ്പിരിറ്റോടെ എല്ലാവരേയും യോജിപ്പിച്ചുനിർത്തി കൂട്ടായ യത്നത്തിന്റെ ഫലപ്രാപ്തി തെളിയിക്കാനുള്ള സവിശേഷവൈവേവും അദ്ദേഹത്തിനുണ്ടായിരുന്നു.

ഓരോ വാക്കും അളന്നും തൂക്കിയും അതിമനോഹരമായി പ്രയോഗിച്ചിരുന്ന അദ്ദേഹത്തിന്റെ പ്രസംഗശൈലി കുറ്റമറ്റതായിരുന്നു. പ്രതിയോഗികളെ പ്രകോപിപ്പിക്കാതെ തന്നിക്ക് പറയാനുള്ളത് ശക്തമായും സമർത്ഥമായും മറ്റുള്ളവർക്ക് ബോദ്ധ്യമാകത്തക്ക വിധത്തിൽ പറഞ്ഞു ഫലിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ സിദ്ധിയും സർവ്വരാലും അംഗീകരിക്കപ്പെട്ടതായിരുന്നു. ഹിന്ദിയിലും, ഇംഗ്ലീഷിലും അസാമാന്യമായ അവഗാഹമുള്ള വാഗ്മിയായിരുന്നു അദ്ദേഹം.

1977 ആദ്യം അദ്ദേഹം കോൺഗ്രസ് വിട്ട് കോൺഗ്രസ് ഫോർ ഡെമോക്രസി രൂപീകരിച്ചു. 1977-ലെ പൊതു തിരഞ്ഞെടുപ്പിനു ശേഷം കോൺഗ്രസ് ഫോർ ഡെമോക്രസി ജനതാപാർട്ടിയിൽ ലയിച്ചു. 1977-ൽ ശ്രീ. മൊറാർജി ദേശായിയുടെ മന്ത്രിസഭയിൽ അംഗമായ അദ്ദേഹം പിന്നീട് ഉപപ്രധാനമന്ത്രി എന്ന നിലയിലേക്ക് ഉയർന്നു. 1979-ൽ അദ്ദേഹം ലോകസഭയിൽ പ്രതിപക്ഷനേതാവായി.

1980-ൽ ജനതാപാർട്ടിവിട്ട് കോൺഗ്രസ് (ജെ) രൂപീകരിച്ച് അതിന്റെ അദ്ധ്യക്ഷസ്ഥാനത്ത് പ്രവർത്തിച്ചു വരികയായിരുന്നു. പഞ്ചാബ് പ്രശ്നം സംബന്ധിച്ച ഉപദേശക സമിതി ചെയർമാനായി പ്രധാനമന്ത്രി ശ്രീ. രാജീവ്ഗാന്ധി ബാബുജിയെ നാമനിർദ്ദേശം ചെയ്തത് അദ്ദേഹത്തിന്റെ അനിതര സാധാരണമായ കഴിവുകളിലുള്ള അതിയായ വിശ്വാസത്തിന്റെ പ്രകടോദാഹരണമാണ്.

ആ അതികായൻ തിരോധാനം ചെയ്തിരിക്കുന്നു.. ബാബുജിയുടെ നിര്യാണം രാഷ്ട്രത്തിന് അപരിഹാര്യമായ നഷ്ടമാണ് വരുത്തിവച്ചിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ കെ. കരുണാകരൻ:) സർ, ബാബു ജഗജ്ജീവൻ റാമിനെക്കുറിച്ച് അങ്ങ് നടത്തിയ എല്ലാ പരാമർശനങ്ങളോടും ഞാൻ പൂർണ്ണമായും യോജിക്കുന്നു. ഇൻഡ്യൻ രാഷ്ട്രീയത്തിൽ പരാജയമെന്തെന്ന് അറിയാതെ തന്റെ തീരുമാനങ്ങളുമായി ധീരമായി മുന്നോട്ടു പോയിട്ടുള്ള അപൂർവ്വം ചില നേതാക്കളിൽ ഒരാളാണ് ശ്രീ. ജഗജ്ജീവൻ റാം. അര നൂറ്റാണ്ടിലേറെക്കാലം തുടർച്ചയായി (ചെറിയ ഒരു കാലഘട്ടം മാറിനിർത്തിയാൽ) രാഷ്ട്രീയരംഗത്തും സംഘടനയുടെ ഉന്നത സ്ഥാനങ്ങളിലും തുടർന്ന് ഒരു നേതാവായിരുന്നു അദ്ദേഹം. മറ്റാരുടെയും പിൻതുണയില്ലാതെ മറ്റാരുടെയും സഹായം കൂടാതെ സ്വന്തം പ്രയത്നത്തിൽക്കൂടി ഇത്രയും ഉയർന്നുവന്നിട്ടുള്ള മറ്റൊരു

LIBRARY ARCHIVES Kerala Legislative Assembly

നേതാവ് ഇൻഡ്യയിലുണ്ടായിട്ടുണ്ടോയെന്ന് സംശയമാണ്. ഏറ്റവും ദരിദ്രമായ ഒരു വിഭാഗത്തിൽ ജനിച്ച്, അവരുടെ പിൻതുണയോടു കൂടിത്തന്നെ പ്രവർത്തിച്ചുവളർന്ന് ദേശീയതലത്തിൽ ഏറ്റവും അംഗീകാരമുള്ള ഒരു നേതാവായി അദ്ദേഹത്തിന് ഉയരാൻ കഴിഞ്ഞത്, പ്രശ്നങ്ങളോടുള്ള അദ്ദേഹത്തിന്റെ സമീപനവും എല്ലാ കാര്യങ്ങളിലും അദ്ദേഹം കാണിക്കാറുള്ള വിശാല മനസ്കതയും കൊണ്ട് ആയിരുന്നു. അല്ലായിരുന്നുവെങ്കിൽ എല്ലാ വിഭാഗക്കാരാലും ആദരിക്കപ്പെടുന്ന ഒരാളായി ഉയരാൻ സാധിക്കുമായിരുന്നില്ല. വിശേഷിച്ച് ആ കാലഘട്ടങ്ങളിലെ സാമൂഹ്യ പശ്ചാത്തലം പരിഗണിക്കുമ്പോൾ ഈ ഒരു സ്ഥാനത്തേക്ക് എത്തുകയെന്നത് പ്രയാസകരമായ സംഗതിയാണ്. അദ്ദേഹത്തോടുള്ള ആദരവിന്റെയും ബഹുമാനത്തിന്റെയും സ്നേഹത്തിന്റെയും ഫലമായി എല്ലാവരും ശ്രീ. ജഗജ്ജീവൻറാമിനെ വിശേഷിപ്പിക്കുന്നത് 'ബാബുജി' എന്നാണ്. ഒരു വിഭാഗത്തിനും വ്യത്യാസമില്ലാതെ, ജാതി-മത വ്യത്യാസമില്ലാതെ, പ്രാദേശിക വ്യത്യാസമില്ലാതെ അംഗീകരിക്കപ്പെടണമെങ്കിൽ, അദ്ദേഹത്തിന്റെ പ്രവർത്തന ശൈലിയും പാടവവും കഴിവും പ്രകടമാണ്.

സർ, ഒരു കാലത്ത് റെയിൽവേയിൽ പ്രവേശനമില്ലാതിരുന്ന ഹരിജനങ്ങൾക്ക് റെയിൽവേയിൽ ആകെ കിട്ടിയിരുന്ന ജോലി എന്നു പറയുന്നത് തൂപ്പു ജോലിയാണ്. അതു കഴിഞ്ഞ് ഹരിജനങ്ങളെ റിസർവ്വേഷനിൽക്കൂടി ഉയർന്ന സ്ഥാനങ്ങളിലേക്ക് കൊണ്ടുവരാൻ വേണ്ടി അദ്ദേഹം ചെയ്തിട്ടുള്ള സേവനം മറക്കാനാവാത്തതാണ്. ഇവിടെ അങ്ങു സൂചിപ്പിച്ചതുപോലെ ഏതു ചുമതല അദ്ദേഹം ഏറ്റെടുത്തിട്ടുണ്ടോ, അതെല്ലാം അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽക്കൂടെ വിജയിപ്പിച്ചിട്ടുള്ളതാണ്. ഇൻഡ്യ കടുത്ത ഭക്ഷ്യക്ഷാമത്തെ നേരിട്ടുകൊണ്ടിരുന്ന ഒരു ഘട്ടത്തിൽ കൃഷി വകുപ്പിന്റെ ചുമതല ഏറ്റെടുത്തുകൊണ്ട് ഭക്ഷ്യക്ഷാമം താൽക്കാലികമായി പരിഹരിക്കുക മാത്രമല്ല, ശാശ്വതമായി പരിഹരിക്കുകയും, ഭക്ഷ്യധാന്യങ്ങളിൽ കയറ്റി അയക്കാൻ ഇടയാക്കിയ സാഹചര്യത്തിലേക്ക് ഇൻഡ്യയെ കൊണ്ടെത്തിക്കുകയും ചെയ്യാൻ അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ സാധിച്ചു എന്നുള്ളതാണ് എടുത്തുപറയാവുന്ന മറ്റൊരു സംഗതിയാണ്. അദ്ദേഹത്തെക്കുറിച്ച് സംസാരിക്കുകയാണെങ്കിൽ ദിവസങ്ങളോളം സംസാരിച്ചാലും അവസാനിക്കുകയില്ല. ഇൻഡ്യയിൽ ഹരിജന സമുദായത്തിൽ നിന്ന് ചോദ്യംചെയ്യപ്പെടാത്ത രണ്ട് നേതാക്കൻമാർ മാത്രമേ ഉണ്ടായിട്ടുള്ളൂ—ഒന്ന്: ഡോക്ടർ അംബദ്ക്കറും മറ്റൊന്ന് ശ്രീ. ജഗജ്ജീവൻ ബാബുവും. അങ്ങനെയുള്ള മഹാനായ ഒരു നേതാവ് കോൺഗ്രസ് അദ്ധ്യക്ഷനായിരുന്ന അവസരത്തിൽ കോൺഗ്രസ്സിന്റെ സമീപനത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ ഏതു തുറയിൽ ചെന്നാലും, അങ്ങനെയുള്ള ഒരു നേതാവിന്റെ വേർപാട്—മറ്റു പലരെയും അപേക്ഷിച്ച് അദ്ദേഹം മരിക്കാറായിട്ടില്ല. അങ്ങനെ അദ്ദേഹത്തിന്റെ, കാലിനമായ അദ്ധ്വാനം അദ്ദേഹത്തിന്റെ ആരോഗ്യം നഷ്ടപ്പെടുത്തി. കഴിഞ്ഞ കാൽ നൂറ്റാണ്ടുകാലമായി അദ്ദേഹം ശാരീരികമായി അവശനിലയിലാണ്. അദ്ദേഹത്തിന് നടക്കാൻ പ്രയാസമായിരുന്നു. പക്ഷേ അതൊന്നും തന്റെ കർമ്മരംഗത്ത് അശേഷം പ്രതിഫലിപ്പിക്കാതെ ഒരു യുവാവിന്റെ പ്രസരിപ്പോടെ ചുറുചുറുക്കോടെ മുന്നോട്ടു പോകാൻ സാധിച്ച ബാബുജിയുടെ നിര്യാണം, ഇൻഡ്യയിലെ സ്വാതന്ത്ര്യ സമര സേനാനികളുടെ നിരയിൽ അവസാനിക്കുന്ന കണ്ണികളുടെ അടുത്തെത്തിയിരിക്കുന്നു. ആ മഹാന്റെ വേർപാടിൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

യേയ്ക്കുള്ള അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നതോടൊപ്പം എന്റെയും എന്റെ പാർട്ടിയുടെയും അനുശോചനം അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളെ അറിയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: സർ, അങ്ങും സഭാനേതാവും പറഞ്ഞ അഭിപ്രായത്തോട് ഞാനും എന്റെ പാർട്ടിയും യോജിക്കുന്നു. ശ്രീമാൻ ജഗജ്ജീവൻ റാം ലളിതമായൊരു സാമൂഹ്യപശ്ചാത്തലത്തിൽ നിന്നും സ്വന്തം കഴിവിന്റെ അടിസ്ഥാനത്തിൽ ഉയർന്നുവന്ന്, വളർന്ന് പന്തലിച്ച് ദീർഘകാലം ഇൻഡ്യയിലെ പ്രഗല്ഭനായ രേണാധികാരിയായിരുന്ന ആളാണ്. ഇൻഡ്യയിലെ സാധാരണ ജനങ്ങളിൽ, പ്രത്യേകമായി പറഞ്ഞാൽ കോൺഗ്രസ്സിലെ ഹരിജനവിഭാഗക്കാരുടെ പ്രത്യേക നേതാവെന്ന നിലയിൽ അദ്ദേഹം അവരുടെ ഉന്നമനത്തിനു വേണ്ടി വളരെയധികം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. തൊട്ടുകൂടായ്മ ചിരുദ്ധസമരത്തിൽക്കൂടി ഉയർന്നുവന്ന അദ്ദേഹം പിൽക്കാലത്ത്, സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുകയും സ്വാതന്ത്ര്യസമരത്തോട് അനുതോച്ചാടനം ബന്ധപ്പെടുത്തി പ്രവർത്തിക്കുകയും ചെയ്തു. സ്വാതന്ത്ര്യസമരകാലത്തുയർന്നുവന്ന രേണാധിപൻമാരിൽ കൂടുതൽ കാലം ശ്രദ്ധിക്കപ്പെട്ട രേണാധിപനായിരുന്നു അദ്ദേഹം. ശ്രീമാൻ ജഗജ്ജീവൻ റാമുമായിട്ട് എനിക്കുള്ള ബന്ധം 1967 മുതൽ 1969 വരെയുള്ള കാലഘട്ടമായിരുന്നു. കേരളം ക്ഷേണത്തിനു ഏറ്റവും ബുദ്ധിമുട്ടിയിരുന്ന കാലഘട്ടത്തിൽ അദ്ദേഹവും ഞാനും എതിർത്തും ചിലപ്പോൾ യോജിച്ചും കഴിഞ്ഞിരുന്നു. ക്ഷേണത്തിന്റെ കാര്യത്തിൽ കേരളത്തിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുണ്ടായിരുന്ന സമയത്ത്, ക്ഷേമ്യഡിപ്പാർട്ടുമെന്റിൽ നടന്നതായിട്ടുള്ള പ്രവർത്തനത്തിനു (പുറത്തു പറയാൻ ഞങ്ങൾ സമ്മതിക്കുന്നില്ലെങ്കിൽപോലും, പരസ്യമായി പ്രസ്താവിക്കുന്നില്ലെങ്കിൽപോലും) അദ്ദേഹം അംഗീകാരം തന്നിരുന്നു. ഞാൻ മുമ്പ് പറഞ്ഞതുപോലെ, സാധാരണനിലയിലുള്ള ലളിതമായൊരു പശ്ചാത്തലത്തിൽനിന്നും ഉയർന്ന് ഇൻഡ്യയിലെ രേണാധിപനെന്നുള്ള നിലയിൽ ബഹുജനങ്ങളുടെ മുഴുവൻ ശ്രദ്ധയും പിടിച്ചുപറ്റാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. പിൽക്കാലത്തും നല്ല കരുത്തുറ്റ രേണാധിപനെന്നുള്ള അംഗീകാരം നേടിയെടുക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. കോൺഗ്രസ് രണ്ടായകാലത്ത് ശ്രീമതി ഗാന്ധിയുടെകൂടെ ഉറച്ചു നിൽക്കുകയും പിൽക്കാലത്ത് കോൺഗ്രസ്സിന്റെ ഏകാധിപത്യപ്രവണതയിൽ വിയോജിച്ച്, ജനതാ പാർട്ടിയുടെ കൂടെ നിന്ന് ജനതാ മന്ത്രിസഭയിൽ അംഗമാകുകയും ചെയ്തു. പിന്നീട് അതിൽനിന്നും രാജിവച്ച് സ്വന്തം പാർട്ടിയുണ്ടാക്കി തെരഞ്ഞെടുപ്പിൽ ജയിച്ച് പാർലമെന്റിൽ ഇന്നും അംഗമാണ്. സവർണ്ണമർദ്ദനത്തിനെതിരായി അദ്ദേഹം ഹരിജനങ്ങളെ സംഘടിപ്പിച്ച് പ്രവർത്തിച്ചിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എനിക്കും എന്റെ പാർട്ടിക്കുമുള്ള അഗാധമായ ദുഃഖം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, ബാബുജി നമ്മെ വിട്ടുപിരിഞ്ഞിരിക്കുകയാണ്. ഒരു പിന്നോക്കസമുദായക്കാരൻ എന്നുള്ള നിലയിലും, ഒരു ദേശീയ നേതാവെന്നുള്ള നിലയിലും താൻ ഉദ്ദേശിച്ച കാര്യങ്ങളിൽ വളരെ വിജയകരമായി പ്രവർത്തിക്കുവാൻ



LIBRARY ARCHIVES Kerala Legislative Assembly

സാധിച്ചുവെന്നുള്ള മനസ്സമാധാനത്തോടുകൂടി മരിക്കുവാൻ സാധിച്ചതിൽ അദ്ദേഹം തീർച്ചയായും ഭാഗ്യവാനാണ്. 1946-ൽ കേന്ദ്ര മന്ത്രിസഭയിൽ ക്യാബിനറ്റ് മന്ത്രിയായ അദ്ദേഹം 1977 വരെ ആ പദവിയിൽ തുടരുകയും അതിനിടയിൽ ഉപപ്രധാനമന്ത്രിയായിരിക്കുകയും ചെയ്തു. ഒരു പിന്നോക്ക സമുദായ നേതാവായ അദ്ദേഹം ഇൻഡ്യയിലെ ഏറ്റവും വലിയ സ്ഥാനങ്ങൾ അലങ്കരിച്ചു കഴിഞ്ഞുവെന്നുള്ളതാണ് യാഥാർത്ഥ്യം. ഒരു ദേശീയനേതാവിന് എന്തു മാത്രം സ്ഥാനമാനങ്ങൾ നേടിയെടുക്കാൻ സാധിക്കുമോ അതിക്കവാറും ആ വലിയ വലിയ സ്ഥാനമാനങ്ങൾ നേടിയെടുക്കുവാനും അത് വിജയകരമായി മുമ്പോട്ടുകൊണ്ടുപോകുവാനും അദ്ദേഹത്തിന് സാധിച്ചു. സർ, അദ്ദേഹം ദീർഘദൃഷ്ടിയോടുകൂടി പദ്ധതികൾ ആസൂത്രണം ചെയ്യുകയും വിജയകരമായി അവ നടത്തുകയും ചെയ്തതിന്റെ അനന്തരഫലമാണ് ഇന്ന് നാം അനുഭവിക്കുന്ന ഭക്ഷ്യക്ഷാമമില്ലായ്മയും കാർഷികമേഖലയുടെ വളർച്ചയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. 1969-ൽ കേരളത്തിലെ ഫിഷറീസ് വകുപ്പിന്റെ മന്ത്രിയെന്നുള്ള നിലയിൽ, ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി, അന്ന് കേന്ദ്രത്തിൽ ഫിഷറീസ് വകുപ്പ് കൈകാര്യം ചെയ്തിരുന്ന ബാബുജിക്ക് നേരിട്ടു കൊടുക്കുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. അതു സംബന്ധിച്ച് വളരെ വിശദമായിട്ട് സംസാരിക്കുകയും അതിലെ ആശയങ്ങൾ ഇൻഡ്യയിൽ ആകമാനം നടപ്പിൽ വരുത്തുവാൻ വളരെ സഹായകമായ നിലയിൽ പ്രവർത്തിക്കാമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്യുകയും ചെയ്തതു ഞാൻ ഇന്നും ഓർക്കുകയാണ്. പിന്നീട് 1968 മുതൽ 1978 വരെയുള്ള കാലഘട്ടങ്ങളിൽ പലപ്രാവശ്യം അദ്ദേഹത്തെ സമീപിക്കുവാനും ഈവക കാര്യങ്ങൾ ഓർമ്മിപ്പിക്കുവാനുമുള്ള അവസരം എനിക്കുണ്ടായി. പിന്നോക്ക വർഗ്ഗക്കാരുടെ കരുത്തനായ ഒരു നേതാവെന്നുള്ള നിലയിൽ അവരുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുകയെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഇവിടെ പ്രാദേശികതലത്തിലും മറ്റെല്ലാതലങ്ങളിലും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നിരന്തരമായി നടക്കാറുണ്ടെങ്കിലും അവരെ ഉദ്ധരിക്കുവാനും സഹായിക്കുവാനും കേന്ദ്രത്തിൽ ധൈര്യശാലിയായ ഒരു നേതാവുണ്ടായിരിക്കുകയെന്നുള്ളത് തീർച്ചയായും ആ വർഗ്ഗത്തിന്റെതന്നെ ആവശ്യമാണെന്നുള്ളതാണ് യാഥാർത്ഥ്യം. അങ്ങനെയുള്ള ഒരു നേതാവ് നമ്മളെ വിട്ടു പിരിഞ്ഞിരിക്കുകയാണ്. അദ്ദേഹത്തിന്റെ മരണത്തിൽ എനിക്കും എന്റെ പാർട്ടിക്കുമുള്ള അനുശോചനം ഞാൻ രേഖപ്പെടുത്തുന്നു.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ശ്രീ. ജഗജ്ജീവൻ റാമിന്റെ നിര്യാണത്തിൽ അങ്ങും സഭാനേതാവും പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാൻ യോജിക്കുകയാണ്. ഇൻഡ്യയിൽ വർഗ്ഗീയ ജാതിപ്പിശാചുക്കളും ചുടലനൃത്തം ചവിട്ടുന്ന ഒരു സംസ്ഥാനത്താണ് അദ്ദേഹം ജനിച്ചത്. ജാതിപ്പിശാചുക്കളുടെ കോട്ടയായ ബീഹാറിൽ നിന്നും, വിദ്യാർത്ഥിയായിരിക്കേത്തന്നെ പൊതുപ്രവർത്തനം ആരംഭിച്ച് ഇൻഡ്യയുടെ ഏറ്റവും വലിയ ദേശീയ നേതാക്കളിൽ ഒരാളായി ഉയരാൻ ഒരു ഹരിജനായ, അധഃസ്ഥിത സമുദായത്തിൽ ജനിച്ച അദ്ദേഹത്തിന് കഴിഞ്ഞു എന്നുള്ളത് ഒരസാധാരണ സംഭവമാണ്. അദ്ദേഹത്തിന്റെ അസാമാന്യമായ വ്യക്തിത്വവും കർമ്മശേഷിയും, ദേശസ്നേഹവുമാണ് പ്രത്യേകിച്ച് എടുത്തുപറയേണ്ടത്. അധഃസ്ഥിതരോട് അദ്ദേഹത്തിനുള്ള കൂറാണ് അദ്ദേഹത്തിനെ ഈ

LIBRARY ARCHIVES Kerala Legislative Assembly

പദവിയിലേക്ക് ഉയരാൻ സഹായിച്ചത്. ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിലും സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഇൻഡ്യയുടെ ഭരണ രംഗത്തും ബാബുജി നിർവ്വഹിച്ച സ്തുത്യർഹമായ സേവനം ഇൻഡ്യൻ ജനത എന്നെന്നും കൃതജ്ഞതയോടുകൂടി സ്മരിക്കും. ജാതി-വർഗ്ഗീയ ശക്തികളും ഇൻഡ്യയെ ഏറെവുമധികം അപകടപ്പെടുത്തി ക്കൊണ്ടിരിക്കുന്ന ഒരു പ്രത്യേക കാലഘട്ടത്തിൽ ആണ് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞത്. വളരെ വർഷങ്ങളായി പരിഹാരം കാണാത്ത, ഇൻഡ്യയുടെ ഐക്യത്തിനും സുവർണ്ണഭാവിക്കും ഭീഷണിയായി തീർന്നിട്ടുള്ള പഞ്ചാബ് പ്രശ്നം പരിഹരിക്കുന്നതിന് ദേശീയ ഉൽഗ്രഥന സമിതി പുനഃസംഘടിപ്പിച്ചപ്പോൾ അതിന്റെ പഞ്ചാബ് സബ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായിത്തന്നെ അദ്ദേഹത്തെ നിയോഗിച്ചു എന്നുള്ളതുതന്നെ, ഭരണകക്ഷിയിൽ അല്പാത്ത ഒരാളെ ഇത്രയും സുപ്രധാനമായ ഒരു ചുമതല ഏൽപ്പിച്ചു ഏന്നുള്ളതുതന്നെ തീർച്ച യായും അദ്ദേഹത്തിന്റെ അസാമാന്യമായ കഴിവിന്റെ തെളിവാണ്. പഞ്ചാബ് പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ദേശീയ ഉൽഗ്രഥന സമിതിയുടെ അദ്ധ്യക്ഷസ്ഥാനത്തിരുന്നുകൊണ്ട് അദ്ദേഹം സ്തുത്യർഹമായ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നതിന്റെ മദ്ധ്യത്തിലാണ് പെട്ടെന്ന് രോഗബാധിതനായി കിടപ്പിലായതും അന്ത്യം സംഭവിച്ചതും. ഈ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ വിയോഗം ഇൻഡ്യൻ ജനതയ്ക്കും രാഷ്ട്രത്തിനും തീർത്താൽതീരാത്ത നഷ്ടമാണ്. ജാതി-വർഗ്ഗീയ ശക്തികൾക്കെതിരായ പോരാട്ടം വിട്ടുവീഴ്ചയില്ലാതെ തുടർന്നും നടത്തുമെന്ന് ഈ സന്ദർഭത്തിൽ നാം പ്രതിജ്ഞയെടുക്കണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം. അദ്ദേഹത്തിന്റെ വിയോഗത്തിൽ എനിക്കും എന്റെ പാർട്ടിക്കുമുള്ള ദുഃഖം അദ്ദേഹത്തിന്റെ സന്തപ്തകുടുംബത്തെ അറിയിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ബഹുമുഖപ്രതിഭയുടെ ഉടമയായിരുന്ന ബാബുജി നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നു. സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പും ഭാരതത്തിൽ മിന്നിത്തിളങ്ങിയിരുന്ന ഒരുജ്ജ്വലതാരമായിരുന്നു അദ്ദേഹം. അദ്ദേഹത്തെ നേരിട്ട് പരിചയപ്പെടാൻ എനിക്ക് അവസരം ഉണ്ടായിട്ടില്ല. എന്നാൽ മൂന്നുമാസംമുമ്പ് ഡൽഹിയിൽചേർന്ന ദേശീയ ഉൽഗ്രഥന സമിതിയിൽ പങ്കെടുക്കാൻ എനിക്കു അവസരം ഉണ്ടായി. അന്ന് ദേശസ്നേഹം തുളുമ്പിനിന്ന ഒരു നേതാവിനെയാണ് ഞാനവിടെ കണ്ടത്. ഭരണകക്ഷിയല്ലെങ്കിലും രാജ്യത്തിന്റെ പ്രശ്നങ്ങളും കഴിവതും പരിഹരിക്കത്തക്ക നിലയിൽ ഉള്ള നിലപാട് അദ്ദേഹം സ്വീകരിക്കുന്നു എന്ന് എനിക്ക് കാണാൻ സാധിച്ചു. ആ സമിതിയിൽ പഞ്ചാബ് പ്രശ്നം പരിഹരിക്കുന്നതിനുള്ള സബ്കമ്മിറ്റിയുടെ അദ്ധ്യക്ഷനായി അദ്ദേഹത്തെ നിയോഗിച്ചപ്പോൾ എല്ലാവരും അത് ഏറ്റവും നല്ല ഒരു തീരുമാനമായി അംഗീകരിക്കുകയുണ്ടായി. അദ്ദേഹം ഏറ്റെടുത്ത പഞ്ചാബ് ദൗത്യം തീർന്നിട്ടില്ലെന്ന് ഇവിടെ സൂചിപ്പിച്ചു. സ്വാതന്ത്ര്യ സമരസേനാനികളും ഒന്നൊന്നായി ഞെട്ടറ്റുവീണ്. അവസാനരംഗത്തേക്ക് നാം വരുകയാണ്. സ്വാതന്ത്ര്യത്തിനു മുമ്പുള്ള ദേശസ്നേഹവും ആവേശവും അതിനുശേഷവും നിലനിറുത്തണമെങ്കിൽ സ്വാതന്ത്ര്യത്തിനു മുമ്പുള്ള കാലഘട്ടത്തിലേക്ക് തിരിഞ്ഞുനോക്കാൻ നമുക്ക് കഴിയണം. ബാബുജിയുടെ വേർപാടിന്റെ ഈ സമയം അതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരവസരമാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല, അങ്ങുതന്നെ ഒരിക്കൽ പറയുകയുണ്ടായി വ്യക്തിപരമായി വളരെയധികം ബന്ധം പുലർത്തിയിരുന്ന ഒരാളാണ് ബാബുജി എന്ന്. എം. പി. മാരായിരുന്ന പലർക്കും അത് അനുഭവപ്പെട്ടിട്ടുണ്ട്. അവരെയെല്ലാം ഫോണിൽ വിളിക്കുവാനും കുശലാന്വേഷണം നടത്തുവാനും ഓരോ കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യുവാനും അദ്ദേഹം വ്യക്തിപരമായ താൽപ്പര്യമെടുത്തിരുന്നു. സ്വാതന്ത്ര്യത്തിന് മുമ്പും പിമ്പും വളരെക്കാലം രാഷ്ട്രീയ മണ്ഡലത്തിലും മന്ത്രിസഭകളിലു, മിന്നിത്തിളങ്ങിയിരുന്ന അദ്ദേഹത്തിന്റെ വ്യക്തിപരമായ ഗുണങ്ങൾ അവർണ്ണനീയമാണ്. ഈ രാജ്യത്ത് ഉയർന്നുവന്ന നേതാക്കൻമാരുടെ മുൻനിരയിൽത്തന്നെ ബാബുജിയുമുണ്ട്. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ഞാനും എന്റെ പാർട്ടിയും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ശ്രീ. ജഗജ്ജീവൻറാമിന്റെ പ്രവർത്തന കാര്യങ്ങളെക്കുറിച്ച് അങ്ങും സഭാനേതാവും മറ്റു കക്ഷി നേതാക്കളും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. താൻ ജനിച്ചുവീണ, സമുദായത്തിന്, നിഷിദ്ധമായി കരുതിയിരുന്ന സംസ്കൃത വിദ്യാഭ്യാസവും വേദവിദ്യാഭ്യാസവും സ്വയം അഭ്യസിച്ചുകൊണ്ട് ഒരു എതിരാളിയെപ്പോലെ നിലവിലുണ്ടായിരുന്ന സാമൂഹ്യവ്യവസ്ഥയ്ക്കെതിരായി പ്രവർത്തനം തുടങ്ങിക്കൊണ്ടാണ് അദ്ദേഹത്തിന്റെ ജീവിതം ആരംഭിച്ചത്. അതിന്റെ ഫലമായി ബനാറസ് യൂണിവേഴ്സിറ്റിയിൽ ആരംഭിച്ച അദ്ദേഹത്തിന്റെ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ബനാറസ് യൂണിവേഴ്സിറ്റിയിൽ നിന്ന് പിരിയേണ്ടിവന്ന അദ്ദേഹത്തിന് പിന്നീട് കൽക്കട്ടാ യൂണിവേഴ്സിറ്റിയിൽ ശാസ്ത്ര വിദ്യാഭ്യാസത്തിലേക്ക് നീങ്ങേണ്ടി വന്നു. ബി. എസ്. സി. ബിരുദധാരിയായിട്ടാണ് പിന്നീട് അദ്ദേഹം രാഷ്ട്രീയത്തിൽ വരുന്നത്. അദ്ദേഹത്തിന് ബാബുജി എന്ന പേര് യഥാർത്ഥത്തിൽ ലഭിക്കുന്നത് കലാലയത്തിൽ നിന്നാണ്. വിദ്യാഭ്യാസ കാലഘട്ടത്തിൽത്തന്നെ അദ്ദേഹം നേതൃത്വപരമായ പങ്ക് വഹിച്ചതുകൊണ്ടാണ് അദ്ദേഹത്തിന്റെ സഹപാഠികൾ അദ്ദേഹത്തെ ബാബുജി എന്നു വിളിച്ചത്. തുടർന്ന്, അദ്ദേഹത്തിന്റെ സമുദായ ഉന്നതിക്കുവേണ്ടിയും മോചനത്തിനുവേണ്ടിയും കലാലയങ്ങളിൽ ആരാഷ്ട്രീയ പ്രസ്ഥാനത്തെ മാറ്റിയെടുക്കാൻ സജീവമായി ശ്രമിച്ചതായിട്ട് മനസ്സിലാക്കാൻ കഴിയും. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് സാമുദായിക രാഷ്ട്രീയ പാർട്ടികളോടെല്ലാം വ്യത്യസ്തമായ നിലപാടാണ് വച്ചുപുലർത്തിയിരുന്നുവെങ്കിലും ആധികാരികമായി ഇൻഡ്യയിലെ അധഃസ്ഥിത വർഗ്ഗത്തിന് പ്രത്യേകമായ സംഘടനാ രൂപീകരിക്കാനും നിലനിറുത്താനും അനുവാദം നൽകിയത് ഇൻഡ്യയിലെ പിന്നോക്കം നിൽക്കുന്ന ഈ വിഭാഗത്തിന്റെ മോചനത്തിന് അനിവാര്യമായ ഒരു സ്ഥിതിവിശേഷം ഉണ്ടായതുകൊണ്ടാണ്. ഭാരതീയ അധഃകൃത വർഗ്ഗലീഗിന്റെ ജനറൽ സെക്രട്ടറി എന്ന നിലയിലും പ്രസിഡൻറ് എന്ന നിലയിലും വർഷങ്ങളോളം അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. 1967, 1969 കാലഘട്ടങ്ങളിലെല്ലാം ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ വന്നിട്ടുള്ള ചേരിതിരിവുകളിൽ എക്കാലവും അദ്ദേഹം പുരോഗമനപരമായ നിലപാട് സ്വീകരിച്ചതായി കാണാൻ കഴിയും. തൊഴിലാളികളുടെ മിനിമം കൂലിക്ക് അടിത്തറ പാകിയത് സ്വാതന്ത്ര്യാനന്തര ഇൻഡ്യയിൽ തൊഴിൽ വകുപ്പുമന്ത്രിയായിട്ട് പ്രവർത്തിച്ചിരുന്ന ശ്രീ. ജഗജ്ജീവൻ റാമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യയിൽ പുതിയ പ്രധാനമന്ത്രിയെക്കുറിച്ച് ആലോചിക്കേണ്ടിവരുമ്പോഴും വലിയ ഒരു ശതമാനം ആളുകളുടെ മനസ്സിൽ ഉയർന്നുവരുന്ന നാമധേയങ്ങളുടെ കൂട്ടത്തിൽ എപ്പോഴും പ്രഥമസ്ഥാനം ശ്രീ. ജഗജ്ജീവൻ റാമിനേറതാണ്. പക്ഷേ ഇൻഡ്യയിലെ സാഹചര്യത്തിൽ ഉപപ്രധാനമന്ത്രിപദം വരെ അദ്ദേഹത്തിനു് എത്തിച്ചേരാൻ കഴിഞ്ഞു, താൻ പ്രവർത്തിച്ചിട്ടുള്ള എല്ലാ മേഖലകളിലും തനേറതായ വ്യക്തിമുദ്ര പതിപ്പിക്കാൻ അദ്ദേഹത്തിനു് സാധിച്ചിട്ടുണ്ട്. ഇൻഡ്യയിലെ സാമൂഹ്യ സാമ്പത്തിക വിപ്ലവത്തിനു് തടസ്സമായി നിൽക്കുന്ന ഘടകമേതാണെന്നു് ചോദിച്ചപ്പോഴും, എല്ലാ സമയങ്ങളിലും അദ്ദേഹം ഉറപ്പിച്ചു പറയുമായിരുന്നു ഇൻഡ്യയിൽ അടിഞ്ഞുകിടക്കുന്ന ജാതിവ്യവസ്ഥയാണെന്നു്. ഇൻഡ്യയിലെ സാമൂഹ്യ സാമ്പത്തിക വിപ്ലവത്തിനു് വിലങ്ങുതടിയായി നിൽക്കുന്ന ഏറവും വലിയ ഘടകത്തെ പൊളിച്ചുമാറുന്നതിനുള്ള ശ്രമമായിരുന്നു അദ്ദേഹം ഇവിടെ നടത്തിക്കൊണ്ടിരുന്നതു്. അതിനേറ ഫലമായി അദ്ദേഹത്തിനു് പലരോടും ഏറുമുട്ടേണ്ടിവന്നിട്ടുണ്ടു്. പലരുടേയും വിദ്വേഷത്തിനു് പാത്രീഭൂതമാകേണ്ടിവന്നിട്ടുണ്ടു്. ഇതൊക്കെയാണെങ്കിലും ഇൻഡ്യയിൽ അധഃകൃത വർഗ്ഗത്തിനേറ കാണപ്പെട്ട ദൈവമായി ജീവിക്കാൻ അദ്ദേഹത്തിനു് അവസാനംവരെയും കഴിഞ്ഞിട്ടുണ്ടു്. അദ്ദേഹവും സ്വാതന്ത്ര്യസമരസേനാനികളായ പഴയ നേതാക്കൻമാരും അധഃസ്ഥിതവർഗ്ഗത്തിനേറ മോചനത്തിനുവേണ്ടി കാട്ടിത്തന്നിട്ടുള്ള പന്ഥാവിനെക്കുറിച്ചു് ആലോചിക്കുക മാത്രമാണു് ഈ ഘട്ടത്തിൽ ചെയ്യേണ്ടതു്. അങ്ങും സഭാനേതാവും മറു കക്ഷി നേതാക്കളും പ്രകടിപ്പിച്ച വികാരത്തോടു് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ഞാനും എനേറ പാർട്ടിയും അദ്ദേഹത്തിനേറ സന്തപ്ത കുടുംബത്തിനു് അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. ബേബിജോൺ: സർ, ശ്രീ. ജഗജ്ജീവൻറാമിനേറ നിര്യാണത്തെ തുടർന്നു് നമ്മുടെ സ്വാതന്ത്ര്യസമരനിരയിലെ അവസാനത്തെ കണ്ണികളിൽ ഒരു പ്രധാന ഘടകംകൂടി നമുക്കു് നഷ്ടപ്പെട്ടിരിക്കുകയാണു്. അദ്ദേഹത്തിനേറ അപദാനങ്ങളെക്കുറിച്ചു് അങ്ങും സഭാനേതാവും മറു കക്ഷി നേതാക്കൻമാരും പ്രകടിപ്പിച്ച വികാരത്തോടു് ഞാൻ യോജിക്കുന്നു. അദ്ദേഹം എന്നും ഒരു നേതാവായിരുന്നു. അദ്ദേഹം ജനങ്ങളെ നയിക്കുകയായിരുന്നു. ഒരുകാലത്തും അദ്ദേഹം നയിക്കപ്പെട്ടിട്ടില്ല. അദ്ദേഹം അവസാനംവരെ ജനങ്ങളെ നയിക്കുകയും ജനഹൃദയത്തിൽ സ്ഥാനം പിടിക്കുകയും ചെയ്ത നേതാവായിരുന്നു. ഹൃദയത്തിൽ നിന്നാണു് അദ്ദേഹത്തെക്കുറിച്ചു് ആളുകൾ മുദ്രാവാക്യം വിളിച്ചതു്. അങ്ങനെ ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ച ഒരു നേതാവായിരുന്നു അദ്ദേഹം. സ്വാതന്ത്ര്യസമരത്തിൽ അദ്ദേഹം ധീരമായി പങ്കുകൊണ്ടു. ആ കാലഘട്ടം നമുക്കു് ഓർക്കാം. ഞാൻ വിശദാംശങ്ങളിലേക്കു് കടക്കുന്നില്ല. ശ്രീ. ജഗജ്ജീവൻറാം ജീവിച്ച കാലഘട്ടത്തിൽ ഇൻഡ്യയിലെ പൊതുവായ സ്ഥിതി വടക്കേ ഇൻഡ്യയിലെ പ്രത്യേക സ്ഥിതിഗതികളും ഇവ നാം മനസ്സിലാക്കണം. ജാതിരാഷ്ട്രീയവും ഫ്യൂഡലിസവും കൊടുമ്പിരിക്കൊണ്ടിരുന്ന ആ കാലഘട്ടത്തിൽ സമൂഹത്തിൽ ഏറെ പിന്നിൽ നിൽക്കുന്ന ഹരിജൻ വിഭാഗത്തിൽനിന്നു് ഇങ്ങനെ ഒരാൾ വളർന്നുവരണമെങ്കിൽ അസാമാന്യമായ ചങ്കൂറവും നിശ്ചയദാർഢ്യവും ഉണ്ടെങ്കിൽ മാത്രമേ സാധിക്കുകയുള്ളു. അദ്ദേഹത്തെ ജഗജ്ജീവൻറാമാക്കിയതു് അദ്ദേഹം ജനിച്ചുവളർന്ന സാഹചര്യത്തോടുള്ള വെല്ലുവിളിയായിരുന്നു. തനിക്കു് ശരിയെന്നുതോന്നുന്നതിനെ

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കാനും തൈറെന്ന് തോന്നുന്നതിനെ എതിർക്കുവാനുമുള്ള ചങ്കൂറ്റം പ്രകടിപ്പിച്ചതിന്റെ ഫലമായിട്ടാണ് വാസ്തവത്തിൽ അദ്ദേഹം വളർന്നുവന്നത്. അദ്ദേഹം ഒരിക്കലും ഒരു ഹരിജൻ നേതാവായിരുന്നില്ല എന്ന അഭിപ്രായക്കാരനാണ് ഞാൻ. ഇൻഡ്യയിലെ പാവപ്പെട്ട ജനവിഭാഗത്തിന്റെ (പാവപ്പെട്ട ജനവിഭാഗമെന്നു പറയുമ്പോൾ ഏറ്റവും പിന്നിൽ നിന്ന,എല്ലാവിധത്തിലും പിന്നിൽനിന്ന ഒരു വിഭാഗത്തിന്റെ) കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നുവെങ്കിലും അദ്ദേഹം ഒരു ദേശീയ നേതാവായിരുന്നു. ദേശീയനേതാവിന്റെ വീക്ഷണത്തോടുകൂടിയാണ് അദ്ദേഹം പ്രവർത്തിച്ചത്. പലപ്പോഴും പലരും ഹരിജൻനേതാവായിമാത്രം അദ്ദേഹത്തെ ഒതുക്കാൻ ശ്രമിച്ചുവെങ്കിലും അതിനെയൊക്കെ അതിജീവിച്ചുകൊണ്ട് ഒരു ദേശീയനേതാവായി വളർന്നുവന്നിരുന്നു ശ്രീ. ജഗജ്ജീവൻറാം എന്നാണ് കാണാൻ കഴിയുന്നത്. അദ്ദേഹത്തിന്റെ രണരംഗത്തുള്ള കഴിവുകൾ ഞാൻ പ്രത്യേകിച്ചൊന്നും പറയേണ്ട കാര്യമില്ല; നമുക്കൊക്കെ അനുഭവമുള്ളതാണ്. ഒരു പാർലമെന്റേറിയൻ എന്ന നിലയിലുള്ള കഴിവ് സർവ്വോപരി നിശ്ചയദാർഢ്യത്തോടുകൂടി തന്റെ വിശ്വാസപ്രമാണത്തിൽ ഉറച്ചുനിൽക്കാനുള്ള കഴിവ്, (പലപ്പോഴും പലർക്കും യോജിക്കാൻ സാധിക്കാത്തതായിരിക്കാം—അത് മറ്റൊരു കാര്യം) പ്രതികൂല സാഹചര്യങ്ങളെ നേരിട്ടുകൊണ്ട് മുന്നോട്ടുപോകാനുള്ള കഴിവ് ഇവയിൽ അദ്ദേഹം അസാമാന്യനായിരുന്നു. ദേശീയ സ്വാതന്ത്ര്യസമര കാലത്ത് ഒക്കെത്തന്നെ അദ്ദേഹം വഹിച്ച പങ്ക് നമുക്കെല്ലാവർക്കും അനുകരിക്കാവുന്നതാണ്. അദ്ദേഹത്തിന്റെ മാഹാത്മ്യം മനസ്സിലാകുന്നത് അദ്ദേഹം ജനിച്ചുവളർന്ന സാഹചര്യത്തിൽനിന്നും ആ കാലഘട്ടത്തിൽ പൊതുവായി ഉണ്ടായിരുന്ന സ്ഥിതിയിൽനിന്നും അതിനെയൊക്കെ എതിർത്തു വളർന്നുവന്നതിൽനിന്നുമാണ്. ബഹുമാനപ്പെട്ട ഷൺമുഖദാസ് പറഞ്ഞതുപോലെ ഇൻഡ്യയുടെ പ്രധാനമന്ത്രി ആകുവാനുള്ള പേരുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളപ്പോൾ പലപ്പോഴും ശ്രീ. ജഗജ്ജീവൻറാമിന്റെ പേരുമുണ്ടായിരുന്നു. ഇന്ന് നിലവിലിരിക്കുന്ന സാഹചര്യം സാമൂഹ്യ രാഷ്ട്രീയ സാഹചര്യങ്ങൾ, ജാതിചിന്ത ഇങ്ങനെയുള്ളതൊക്കെത്തന്നെയായിരുന്നിരിക്കാം ഒരുപക്ഷേ അതിനു തടസ്സമായി നിന്നത്. അദ്ദേഹത്തിന്റെ സ്മരണയോട് ആദരാഞ്ജലികളർപ്പിക്കുന്നതോടൊപ്പം നമുക്ക് ചെയ്യാൻ സാധിക്കുന്നത് ഇൻഡ്യയിൽ വളർന്നുവരുന്ന ജാതിരാഷ്ട്രീയത്തിനെതിരായി, സാമുദായികചിന്തക്കെതിരായി ഒരുമിച്ച് പ്രവർത്തിക്കുമെന്ന് പ്രതിജ്ഞയെടുക്കുകയാണ്. അത് വലിയൊരു സംഭാവനയായിരിക്കും. അധഃസ്ഥിത ജനവിഭാഗത്തിനുവേണ്ടി പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ എടുക്കുന്നതായിരിക്കും വാസ്തവത്തിൽ ആ സ്വാതന്ത്ര്യസമരസേനാനിക്കുവേണ്ടി നമുക്ക് ചെയ്യാൻ കഴിയുന്നത്. എന്നേയും എന്റെ പാർട്ടിയുടേയും അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. കെ. ജെ. ജോർജ്: സർ, അങ്ങും സഭാനേതാവും മറ്റു കക്ഷിനേതാക്കൻമാരും പ്രകടിപ്പിച്ച വികാരത്തോട് ഞാനും എന്റെ പാർട്ടിയും പരിപൂർണ്ണമായും യോജിക്കുകയാണ്. ഏതാണ്ട് പത്തുമുപ്പത്തിമൂന്ന് വർഷം നമ്മുടെ രാഷ്ട്രം ഭരിക്കുന്ന ക്യാബിനറ്റിൽ അംഗമായി സേവനമനുഷ്ഠിച്ച ആ മഹൽവ്യക്തിയുടെ ചരമത്തിൽ അനുശോചിക്കുന്നതോടൊപ്പംതന്നെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ നമ്മുടെ പ്രവർത്തനത്തിലും പകർത്തുന്നത് നന്നായിരിക്കും. മാതൃകാപരമായി നമുക്ക് ജീവിക്കുവാൻ മാർഗ്ഗനിർദ്ദേശം തന്ന ആ പുണ്യപുരുഷനെ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

സ്മരിക്കുന്നു. നമ്മുടെ സ്വാതന്ത്ര്യസമരസേനാനികളുടെ മുൻനിരയിൽ ഇനി അധികം നേതാക്കൻമാരില്ലാത്ത സ്ഥിതിയിലേക്ക് നീങ്ങിയിരിക്കുകയാണ്. ആ സന്ദർഭത്തിൽ ഇവരുടെ പ്രവർത്തനങ്ങളും നമുക്ക് മാർഗ്ഗദർശനം നൽകട്ടെ എന്ന് ഞാൻ ആശിക്കുകയും അതോടൊപ്പം തന്നെ ഈ സ്മര്യപുരുഷന്റെ ബന്ധുമിത്രാദികൾക്കും നമ്മുടെ നാടിനും വന്ന നഷ്ടത്തിൽ എന്റെ പാർട്ടിയും ഞാനും പങ്കു ചേരുകയും ചെയ്യുകയാണ്.

മി. സ്പീക്കർ: ബാബുജിയുടെ പാവനസ്മരണക്കുമുമ്പിൽ ആദരാഞ്ജലികളർപ്പിച്ചുകൊണ്ട് നമുക്ക് അൽപ്പസമയം എഴുന്നേറ്റു നിൽക്കാം. (നിയമസഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

ഇന്നത്തെ കാര്യപരിപാടിയിൽ ഉൾക്കൊള്ളിച്ചിരുന്ന ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും ജൂലായ് 15-ാം തീയതി നടത്തുന്നതാണ്.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ജൂലൈ എട്ടാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 9.07 ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly